# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:44 26.04.2017 ൽ മറുപടിയ്ക്ക്**

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>'' മോൻസ് ജോസഫ്<br>''സി.എഫ്.തോമസ്<br>'' ഡോ.എൻ.ജയരാജ്. | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 2016-17 വർഷം സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിനായി രണ്ട് പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിയിരുന്നു. ഗ്രിഡ് കണക്റ്റഡ് പദ്ധതി (Solar Connect) വഴി 5 മെഗാവാട്ടും ശൃംഖലാബന്ധിതമല്ലാത്ത പദ്ധതി (Offgrid - Solar Smart) വഴി 6.4 മെഗാവാട്ടുമാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.<br><br>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ് – കൺസൾട്ടൻസി സ്കീമുകളിലായി വിവിധ സർക്കാർ കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ ആകെ 586 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവ്വർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനെർട്ട് ഇത്തരം സ്ഥാപനങ്ങളിൽ സൗരോർജ്ജ പവ്വർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം ചെയ്തു വരുന്നു.<br><br>കൂടാതെ അനെർട്ടിന്റെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള സ്വന്തം ഭൂമിയിൽ ആകെ 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു സൗരോർജ്ജ പവ്വർ പ്ലാന്റ് കമ്മീഷൻ ചെയ്ത് വൈദ്യുതി ഉല്പാദിപ്പിച്ചു വരുന്നു.<br><br>നിലവിൽ സംസ്ഥാനത്ത് കാറ്റിൽ നിന്നും 59.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ 9 മെഗാവാട്ട് ശേഷിയിൽ വിന്റ് ഫാമുകൾ സ്ഥാപിക്കാൻ സാങ്കേതികാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. കൂടാതെ, 10 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാമിന് സാങ്കേതികാനുമതി |

നൽകുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

കേരളത്തിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാനായി സംസ്ഥാന സർക്കാരും, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 82 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാം പാലക്കാട് സ്ഥാപിക്കാനായുള്ള നടപടികൾ എൻ.എച്ച്.പി.സി. നടത്തിവരുന്നു.

2016-17 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട് മുഖേന സംസ്ഥാന സർക്കാർ സബ്സിഡിയോടെ സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകാനും തദ്വാരാ വൈദ്യുതി ഉപയോഗിച്ച് വെള്ളം ചൂടാക്കുന്നതിലൂടെ ചെലവാകുന്ന വൈദ്യുതി ലാഭിക്കാനും കഴിയുന്നു. 100 ലിറ്റർ പ്രതിദിന ശേഷിയുള്ള ഏകദേശം 8900 എണ്ണം സോളാർ വാട്ടർ ഹീറ്ററുകളാണ് ഇത്തരത്തിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഇവ പ്രതിവർഷം ഏകദേശം ഒരു കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ പര്യാപ്തമാണ്.

25 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പാരമ്പര്യേതര ഊർജ്ജ പദ്ധതികളായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ആകെ 59 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നു വരുന്നു. നിർമ്മാണം മുടങ്ങിക്കിടക്കുന്ന 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട-II പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ KSEB പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം I -ൽ ചേർത്തിരിക്കുന്നു.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാനായി KSEB നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതി കളും

| | | | |
|---|---|---|---|
| | | | II -ൽ ചേർത്തിരിക്കുന്നു.<br><br>ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സർക്കാർ അനുമതിയോടുകൂടി സ്വകാര്യ സംരംഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകുകയും അവ നടപ്പിൽ വരുത്തുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മത്സര ദർഘാസിലൂടെയാണ് ഇതിനുള്ള സംരംഭകരെ കണ്ടെത്തുന്നത്. IPP(Independent Power Project), CPP(Captive Power Project) വിഭാഗങ്ങളിലാണ് പദ്ധതികൾ അനുവദിക്കുന്നത്. ഇത്തരത്തിൽ ഏകദേശം 45 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം IIIൽ ചേർത്തിരിക്കുന്നു.<br><br>MNRE-യുടെ ധനസഹായത്തോടെ നൂറോളം പീക്കോ ജലവൈദ്യുത പദ്ധതികൾ (5 കിലോവാട്ടിനു താഴെ) എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു. |
| (ബി) | നിലവിലുള്ള ഊർജ്ജ പദ്ധതികളുടെ നവീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | കഞ്ചിക്കോട് 225 കി.വാട്ട്. ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങൾ നിലവിലുണ്ട്. അവയിൽ 5 എണ്ണം മാറ്റി പകരം ശേഷികൂടിയ 5 കാറ്റാടികൾ സ്ഥാപിച്ച് (850KWx3+600KWx2) സ്ഥാപിതശേഷി 2.625 മെഗാവാട്ട് കൂട്ടി 4.5 മെഗാവാട്ട് ആക്കുന്നതിനുള്ള പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>നിലവിലുള്ള ഊർജ്ജ പദ്ധതികളുടെ നവീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കെ. എസ്.ഇ.ബി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. **<u>പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി</u>**<br>(i) പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 31.05.2015 ന് പൂർത്തിയായതിന് ശേഷംസ്ഥാപിത ശേഷി 32 MW-ൽ നിന്നും 36 MW (4x9 MW) ആയി വർദ്ധിച്ചു. |

(ii) പ്രസ്തുത പദ്ധതിയുടെ പെൻസ്റ്റോക്കുകളുടെ നവീകരണത്തിനായി 19.02.2015-ന് എസ്.എസ്.ഐ.പി.എൽ. - മായി കരാർ ഒപ്പിട്ടു. അതു പ്രകാരം നവീകരണ പ്രവൃത്തികൾ നടന്നു വരുന്നു.

2. **ഷോളയാർ (3x18 MW) ജലവൈദ്യുത പദ്ധതി**

(i) ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾക്കായി M/s. ഫ്ലവൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് ഫ്യയാൻ കൺസോർഷ്യവുമായി 06.07.2015-ന് 61.51 കോടി രൂപയ്ക്ക് കരാർ ഒപ്പിട്ടു. കരാർ കാലാവധി 33 മാസം ആണ്. ബന്ധപ്പെട്ട പ്രവർത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നു. സ്വിച്ച് യാർഡിന്റെ നവീകരണ പ്രവർത്തികളും നടന്നു വരുന്നു.

(ii) പെൻസ്റ്റോക്ക് നവീകരണ പ്രവർത്തികൾക്കായി M/s.പെസ് എൻജിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ് -ന് 34,81,52,194 രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. കരാർ കാലാവധി 24 മാസം ആണ്. കരാർ ഒപ്പിടാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. **ഇടുക്കി ഒന്നാം ഘട്ടം (3x130 MW) ജലവൈദ്യുത പദ്ധതി**

പുനരുദ്ധാരണ നവീകരണ പ്രവർത്തികൾക്കായി M/s.ജി.ഇ.പവർ ഇൻഡ്യ ലിമിറ്റഡുമായി 24.09.2010 -ന് 48.42 കോടി രൂപക്ക് കരാർ ഒപ്പിട്ടു. കരാർ കാലാവധി 42 മാസം ആണ്. ബന്ധപ്പെട്ട പ്രവർത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നു.

4. **കുറ്റ്യാടി (3x25 MW) ജലവൈദ്യുത പദ്ധതി**

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC, റൂർക്കി നടത്തിയ RLA (ശിഷ്ടായുസ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അനുസരിച്ച് നവീകരണപദ്ധതിയ്ക്ക് രൂപം നൽകി വരുന്നു. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവർത്തികൾ പൂർത്തിയാകുമ്പോൾ സ്ഥാപിത ശേഷിയുടെ 10 ശതമാനം കൂടി അധികശേഷി വിഭാവനം ചെയ്തിരിക്കുന്നു.



സെക്ഷൻ ഓഫീസർ

അനുബന്ധം - I

## നിർമ്മാണം നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പ്പാദനശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുന്തേനരുവി | 6 | 25.77 | പത്തനംതിട്ട |
| 2 | കക്കയം | 3 | 10.39 | കോഴിക്കോട് |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 | എറണാകുളം |
| 4 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 | തൃശ്ശൂർ |
| 5 | അപ്പർ കല്ലാർ | 2 | 5.14 | ഇടുക്കി |
| | ആകെ | 59 | 169.82 | |

## പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പ്പാദനശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | കോഴിക്കോട് |
| 2 | പഴശ്ശിസാഗർ | 7.5 | 25.16 | കണ്ണൂർ |
| 3 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 | ഇടുക്കി |
| 5 | ലാഡ്രം | 3.5 | 12.13 | ഇടുക്കി |
| 6 | ഒലിക്കൽ | 5 | 10.26 | കോഴിക്കോട് |
| 7 | പൂവാരംതോട് | 3 | 5.88 | കോഴിക്കോട് |
| 8 | മാർമ്മല | 7 | 23.02 | കോട്ടയം |
| 9 | ചെമ്പുക്കടവ് - III | 7.5 | 17.715 | കോഴിക്കോട് |
| 10 | പീച്ചാട് | 3 | 7.74 | ഇടുക്കി |
| 11 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി |
| 12 | മരിപ്പുഴ | 6 | 14.84 | കോഴിക്കോട് |
| 13 | വാളാംതോട് | 7.5 | 15.291 | കോഴിക്കോട് |
| 14 | ആനക്കയം | 7.5 | 22.83 | തൃശ്ശൂർ |
| | ആകെ | 116.5 | 326.646 | |

സെക്ഷൻ ഓഫീസർ

ഉത്തരം-II

# കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തിയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) പാലക്കാട്. | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ, പാലക്കാട് | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ , തൃശ്ശൂർ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ , വയനാട് | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ , വയനാട് റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് , പാലക്കാട് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ വയനാട് | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത്, എറണാകുളം | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം ,കേരളത്തിലുടനീളം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് ,കണ്ണൂർ | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് , കണ്ണൂർ | 3.00 | |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | |
| | ആകെ | 9.264372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1.എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 764.86 |
| 3 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 382.089 |
| 4 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 5 | ബാണാസുരസാഗർ റിസർവെയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ട ത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | **ആകെ** | **9.66** | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

### A. നിലവിലുള്ളവ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ |
|---|---|---|---|
| 1 | കഞ്ചിക്കോട് | 2.025 (9 x 0.225) | കെ.എസ്.ഇ.ബി.എൽ |
| 2 | രാമക്കൽമേട് | 14.25 (19 x 0.750) | പ്രൈവറ്റ് |
| 3 | അഗളി | 18.60 (31 x 0.600) | പ്രൈവറ്റ് |
| 4 | കഞ്ചിക്കോട് | 8.40 (4 x 21) | പ്രൈവറ്റ് |

### B. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

| നം. | പദ്ധതി | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഉടമസ്ഥൻ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മൈക്രോവിൻഡ്, പൂവാർ | 1.00 | കെ.എസ്.ഇ.ബി എൽ | ടെൻഡർ നടപടികൾ ചെയ്യാൻ വേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു |
| 2 | കഞ്ചിക്കോട് | സ്ഥാപിത ശേഷി 5.125 ആയി വർദ്ധിക്കും | കെ.എസ്.ഇ.ബി എൽ | നിലവിലുള്ള 0.225 MW ന്റെ 9 മെഷീനുകളിൽ 4 എണ്ണം നിലനിറുത്തുകയും 5 എണ്ണം മാറ്റി പകരം 0.85 MW x3 0.60 MW x2 എന്നിവ സ്ഥാപിക്കുകയും 2.5 MW x1 പുതിയ മെഷീൻ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി. |

സെക്ഷൻ ഓഫീസർ

അനുബന്ധം - III

| ക്രമ നമ്പർ | സ്ഥാപിതശേഷി (മെഗാവാട്ട് – MW) | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|---|
| 1 | 6 | ആറ്റ് ലെ I | പാലക്കാട് |
| 2 | 6 | ആറ്റ് ലെ II | പാലക്കാട് |
| 3 | 0.25 | ബാലൻതോട് | ഇടുക്കി/എറണാകുളം |
| 4 | 0.6 | ചെറുപുഴ മിനി | മലപ്പുറം |
| 5 | 0.5 | ഇടത്തനാൽകുത്ത് ത്ത് | ഇടുക്കി/എറണാകുളം |
| 6 | 0.35 | ഫർലോങ്ങ് കര | കണ്ണൂർ |
| 7 | 11 | കക്കാടംപോയിൽ സ്റ്റേജ് II | കോഴിക്കോട് |
| 8 | 0.75 | കങ്ങപ്പുഴ | ഇടുക്കി |
| 9 | 1 | കാഞ്ഞിരംപ്പുഴ | പാലക്കാട് |
| 10 | 3 | കിള്ളിക്കല്ല് | കോഴിക്കോട് |
| 11 | 3 | കുളിരാമുട്ടി | കോഴിക്കോട് |
| 12 | 3 | മന്തൻപോറ്റി | പാലക്കാട് |
| 13 | 0.15 | മുല്ലരിങ്ങാട് | ഇടുക്കി/എറണാകുളം |
| 14 | 1.5 | ഓണിപുഴ | കോഴിക്കോട് |
| 15 | 2 | പഴുക്കക്കാനം | കോട്ടയം/ഇടുക്കി |
| 16 | 2 | പെരുവ | കണ്ണൂർ |
| 17 | 0.8 | പോട്ടൻതോട് 1 | കണ്ണൂർ |
| 18 | 1.5 | തിപ്പിളിക്കയം | പാലക്കാട് |
| 19 | 1 | ഉരുട്ടിപ്പുഴ | കണ്ണൂർ |
| 20 | 3 | വാലൻതോട് സ്റ്റേജ് II | മലപ്പുറം |
| | 47.4 | | |

സെക്ഷൻ ഓഫീസർ